"മാതൃഭാഷ- മലയാളം"

# കേരള കാർഷിക സർവ്വകലാശാല
# ഇൻസ്ട്രക്ഷണൽ ഫാം
# വെള്ളാനിക്കര

No. ഐ.എഫ്./965/2022 തിയ്യതി -27/12/2022

## കൊാട്ടേഷൻ /ലേല പരസ്യം

ഇൻസ്ട്രക്ഷണൽ ഫാമിലെ താഴെ പറയുന്ന ഫലവൃക്ഷങ്ങളിൽ നിന്നും വിളവെടുക്കുന്നതിനുള്ള അവകാശം **12/01/2023**-ന് രാവിലെ **12.00 PM**- ന് കൊട്ടേഷൻ/ലേലം വഴി നൽകാൻ തീരുമാനിച്ചിരിക്കുന്നു. താൽപര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച കവറിൽ കൊട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു

| ക്രമനമ്പർ | വിളകൾ | എണ്ണം | നിരതദ്രവ്യം | വിളവെടുപ്പ് നടത്തേണ്ട കാലാവധി |
|---|---|---|---|---|
| 1 | കശുമാവ് | 105 | 1000 | കൊട്ടേഷൻ /ലേലം അംഗീകരിച്ച തിയ്യതി മുതൽ -15/12/2023 വരെ |
| 2 | കമുക് | 72 | | |

### നിബന്ധനകൾ

1. കൊട്ടേഷൻ /ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ കാർഡും, പാൻ കാർഡും കൊണ്ടുവരേണ്ടതാണ്.

2. കൊട്ടേഷനുകൾ നൽകേണ്ടത് പ്രൊഫസ്സർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര എന്ന പേരിൽ ആയിരിക്കേണ്ടതും ആയത് നിരതദ്രവ്യമടക്കം **12/01/2023**-ന് രാവിലെ **12.00 PM**- ന് മുമ്പായി ഓഫീസിൽ ലഭിക്കേണ്ടതുമാണ്. നിശ്ചിത തിയ്യതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന കോട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

3. കൊട്ടേഷൻ നിരക്ക് വളരെ വ്യക്തമായി വെള്ളക്കടലാസിൽ അക്ഷരത്തിലും, അക്കത്തിലും എഴുതിയിരിക്കണം.

4. കൊട്ടേഷൻ കവറിന് പുറത്ത് "ഫാമിലെ കശുമാവ് / കമുക് കളിൽ നിന്നും വിളവെടുക്കുന്നതിനുള്ള അവകാശം ലഭിക്കുന്നതിന് കൊട്ടേഷൻ" എന്ന് വ്യക്തമായി എഴുതിയിരിക്കണം.

5. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലദിവസം രാവിലെ **12.00 PM**- ന് മുമ്പായി നിരതദ്രവ്യം അടച്ചിരിക്കേണ്ടതാണ്. നിരതദ്രവ്യം നിശ്ചിതസമയത്തിന് മുമ്പ് കെട്ടിവെച്ചവരെ മാത്രമേ ലേലം/ കൊട്ടേഷൻ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ. നിരതദ്രവ്യം പണം/ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന ഫാം ഓഫീസിൽ അടക്കേണ്ടതാണ്.

6. കൊട്ടേഷൻ സമർപ്പിച്ചിരിക്കുന്നവർക്കും താല്പര്യമുണ്ടെങ്കിൽ പരസ്യലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

"മാതൃഭാഷ- മലയാളം"

7. **12/01/2023**-ന് രാവിലെ **12.00 PM**- ന് പരസ്യലേലം നടത്തുന്നതും തുടർന്ന് ക്വൊട്ടേഷനുകൾ തുറക്കുന്നതും ആയതിൽ ഏറ്റവും കൂടുതൽ തുക വിളിച്ച/ രേഖപ്പെടുത്തിയ ആളിന്റെ പേരിൽ, ഫാം മേധാവിക്ക് യുക്തമെന്നു തോന്നുന്ന പക്ഷം ക്വൊട്ടേഷൻ/ലേലം താൽകാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

8. ക്വൊട്ടേഷൻ /ലേലം താൽകാലികമായി ഉറപ്പിച്ച് കഴിഞ്ഞാൽ ഒന്നും, രണ്ടും സ്ഥാനക്കാരുടെ നിരതദ്രവ്യം പിടിച്ച് വെക്കുകയും ഒന്നാം സ്ഥാനക്കാരന്റെ ലേലം അംഗീകരിച്ച ശേഷം രണ്ടാം സ്ഥാനക്കാരന്റെ നിരതദ്രവ്യം തിരിച്ച് നൽകുന്നതുമാണ്.

9. ഇപ്രകാരം കോട്ടേഷൻ /ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ അപ്പോൾ തന്നെ ക്വൊട്ടേഷൻ / ലേല തുകയുടെ മൂന്നിൽ ഒരു ഭാഗം അടക്കേണ്ടതാണ്. ബാക്കി മുഴുവൻ തുകയും അഞ്ചു പ്രവൃത്തി ദിവസത്തിനകം അടച്ച് രസീത് വാങ്ങേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം ആയാളുടെ പേരിലുള്ള ക്വൊട്ടേഷൻ/ലേലം റദ്ദ് ചെയ്യുന്നതും, നിരതദ്രവ്യം കാർഷിക സർവ്വകലാശാലയുടെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും.

10. മുഴുവൻ ലേല തുകയും ഓഫീസിൽ അടച്ചതിനുശേഷം രസീത് ഹാജരാക്കിയാൽ മാത്രമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളൂ.

11. ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ നിരതദ്രവ്യമായ **1000/** രൂപ, കശുമാവ്/ കമുക് വിളവെടുപ്പ് കാലാവധി കഴിഞ്ഞതിനുശേഷം **(15/12/2023** ശേഷം), ഫാം സുപ്രണ്ടിന്റെ സാക്ഷ്യപ്പെടുത്തലിന് ശേഷം, തിരികെ നൽകുന്നതായിരിക്കും.

12. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുൻപായി വിളയുടെ ഗുണനിലവാരവും എണ്ണവും ഓഫീസ് സമയങ്ങളിൽ ഫാം ഉദ്യോഗസ്ഥരുടെ അനുവാദത്തോട് കൂടി നേരിൽ കണ്ട് ബോധ്യപ്പെട്ടുക്കൊള്ളേണ്ടതാണ്. ലേലത്തിന് ശേഷം ഇതുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

13. ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ, പ്രവർത്തി സമയത്ത് മാത്രമേ കശുമാവ്/ കമുക് വിളവെടുക്കുവാൻ അനുവദിക്കുകയുള്ളു. ഓരോ ദിവസവും വിളവെടുക്കുന്ന കശുമാവ്/ കമുക് **4.00 PM**-ന് മുൻപായി ഫാമിൽനിന്നും ഔട്ട് പാസ് വാങ്ങി കൊണ്ടുപോകേണ്ടതാണ് (ഫാമിൽ സൂക്ഷിക്കാൻ അനുവദിക്കുന്നതല്ല) . ഓരോ വിളയിൽ നിന്നും പറിക്കുന്ന ഫലങ്ങളുടെ വിവരങ്ങൾ ഹാർവെസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ് .

14. ലേലക്കാരനും വിളവെടുപ്പിന് നിയോഗിക്കുന്ന എല്ലാ തൊഴിലാളികളും ഫാമി ൽ നിന്നു നൽകുന്ന പാസ്സുകൾ കൈവശം വെച്ചിരിക്കേണ്ടതും, അധികാരപ്പെട്ടവർ പരിശോധനക്ക് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്. വിളവെടുപ്പിന് നിയോഗിക്കുന്ന തൊഴി ലാളികളുടെ എണ്ണം ഫാം സൂപ്രണ്ടിന്റെ നിർദ്ദേശമനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

15. നഴ്സറി ആവശ്യത്തിനായി മേൽ വിളകളിൽ നിന്നും ഗ്രാഫ്റ്റിങ് / ലെയറിങ് ചെയ്യുന്നതിന് കമ്പുകളെടുക്കുവാൻ ഫാമിന് അവകാശമുണ്ടായിരിക്കും.

16. വിളവെടുപ്പ് നടത്തുമ്പോൾ ഫാമിൽ ഏതെങ്കിലും രീതിയിൽ നാശ നഷ്ടമുണ്ടാക്കുന്ന പക്ഷം ഫാമിൽ നിന്നും നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകേണ്ടതാണ് . ലേല നിബന്ധനകളിൽ ഏതെങ്കിലും വീഴ്ചവരുത്തിയാൽ, മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദാകുന്നതിനും, ലേലം കൊണ്ട വ്യക്തി അടച്ച മുഴുവൻ തുകയും (നിരതദ്രവ്യം ഉൾ പ്പെടെ) യൂണിവേഴ്സിറ്റിയിലേക്ക് മുതൽ കൂട്ടുന്നതിനും, നഷ്ടപരിഹാരം ഈടാക്കുന്നതിനും നിയമനടപടി സ്വീകരിക്കുന്നതിനും പ്രൊഫസ്സർ & ഹെഡ്- ന് അധികാരമുണ്ടായിരിക്കും.

"മാതൃഭാഷ- മലയാളം"

17. സർക്കാർ/ യൂണിവേഴ്സിറ്റി കൊട്ടേഷൻ/ലേലം നിബന്ധനകൾ എല്ലാം തന്നെ ഈ കൊട്ടേഷൻ/ലേലത്തിനും ബാധകമായിരിക്കും.

18. ആവശ്യമെന്നു കണ്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം/ കൊട്ടേഷൻ അസ്ഥിരപ്പെടുത്താനോ മാറ്റിവക്കുന്നതിനോ പ്രൊഫസ്സർ & ഹെഡ് ന് അധികാര മുണ്ടായിരിക്കും. മാത്രമല്ല ലേലം/ കൊട്ടേഷൻ നിബന്ധനകൾ/വ്യവസ്ഥകൾ മാറ്റം വരുത്താനും പ്രൊഫസ്സർ & ഹെഡ് ന് അധികാര മുണ്ടായിരിക്കും.

19. കൊട്ടേഷൻ/ലേലം കൊണ്ടവ്യക്തി മേൽപ്പറഞ്ഞ കൊട്ടേഷൻ/ലേല നിബന്ധനകൾ അടങ്ങിയ ഉടമ്പടി **Rs.200/-** രൂപ മുദ്രപത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് ആദ്യ വിളവെടുപ്പിന് മുൻപായി നൽകേണ്ടതാണ് .

20. സർക്കാർ/ യൂണിവേഴ്സിറ്റി നിർദ്ദേശിക്കുന്ന കോവിഡ് -19 സുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും കൊട്ടേഷൻ / ലേലം നടത്തുന്നത്

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ (10 AM മുതൽ 4.30 PM വരെ) നേരിട്ടോ, 0487-2961457 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

ഡോ. അനിത എസ്
പ്രൊഫസ്സർ & ഹെഡ്

പ്രൊഫസ്സർ & ഹെഡ്
ഇൻസ്ട്രക്ഷണൽ ഫാം, കെ.എ.യു.
വെള്ളാനിക്കര, തൃശ്ശൂർ - 680 656

സ്വീകർത്താവ്:
1.നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം)
2.എ.ആർ.എസ് മണ്ണുത്തി
3.ആറ്റിക് , മണ്ണുത്തി
4. പി.പി.എൻ.എം.യു വെള്ളാനിക്കര,(സെൻട്രൽ നേഴ്സറി)
5.കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളാനിക്കര
6.പഞ്ചായത്ത് ഓഫീസ്, മാടക്കത്തറ
7.ബ്ലോക്ക് ഓഫീസ്, ഒല്ലൂക്കര

പകർപ്പ്:-: ഷൈജു ഡി ഒല്ലേക്കാട്ട്, ഫാം സൂപ്രണ്ട്, കെ. എ. യു. വെബ്സൈറ്റ്, സ്റ്റോക്ക് ഫയൽ

കേരള കാർഷിക സർവ്വകലാശാല * KERALA AGRICULTURAL UNIVERSITY * ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര, തൃശ്ശൂർ - 680656